"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിലെ കുത്താട്ടുകുളം സ്പെഷ്യൽ തഹസീൽദാർ (എൽ. എ.) MVIP ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായിരുന്ന ശ്രീമതി ടി. എ. രാധാമണി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 449/2020 നമ്പർ കേസിലെ 15.06.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1003/2024/RD തീയതി,തിരുവനന്തപുരം, 14-03-2024

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി) നം.61/2010/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 01.06.2017 ലെ സ.ഉ.(സാധാ) നം.2476/2017/റവ നമ്പർ സർക്കാർ ഉത്തരവ്.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.06.2023 ലെ OA 449/2020 നമ്പർ കേസിലെ ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.12.2023, 22.12.2023 എന്നീ തീയതികളിലെ എൽ.ആർ./9365/2023-എൽ.ആർ.(എൻ3) നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ കുത്താട്ടുകുളം സ്പെഷ്യൽ തഹസീൽദാർ (എൽ. എ.) MVIP ഓഫീസിൽ 1986 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി ടി.എ. രാധാമണിയെ, TA 4319/2012 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.08.2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ച് ഉത്തരവായിരുന്നു. തുടർ ന്ന് TA 4319/2012 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 03.08.2015 മുതൽ തന്നെ പി.ടി.എസ്. ആയി റഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാരി സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. പലരും ഇതിനെ ഒരു കീഴ്വഴക്കമായി കണക്കാക്കി മുൻകാല പ്രാബല്യത്തിൽ സർവ്വീസ് അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് സർക്കാരിനെ സമീപിക്കാനും അത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാനും കാരണമാകുമെന്നതിനാൽ പ്രസ്തുത നിവേദനത്തിലെ ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് 13.05.2019 ലെ REV-T1/132/2017-REV നമ്പർ കത്ത് [അനക്സർ എ12] പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു.

2) തുടർന്ന് പ്രസ്തുത ഉത്തരവുകൾക്കെതിരെ ശ്രീമതി രാധാമണി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 449/20 നമ്പർ കേസിൽ ടിയാളെ

18.06.2001 തീയതി പ്രാബല്യത്തിൽ പി.ടി.എസ്. തസ്തികയിൽ ക്രമവല്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ, അനക്സർ എ10, എ12 ഉത്തരവുകളിലെ ഹർജിക്കാരിക്ക് 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവല്ക്കരണം നിഷേധിച്ച ഭാഗം റദ്ദാക്കുകയും, പരാമർശം (1) പ്രകാരം ഹർജിക്കാരി 18.06.2001 തിയതി മുതൽ ക്രമവൽക്കരണത്തിന് അർഹയാണെന്ന് നിരീക്ഷിച്ചുകൊണ്ട് വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്നു മാസത്തിനകം ടിയാളെ 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാനും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുവാനും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) MVIP ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായിരുന്ന ശ്രീമതി ടി. എ. രാധാമണിയെ (നിലവിൽ മൂവാറ്റുപുഴ താലൂക്ക് ഓഫീസിൽ പി. ടി. എസ്. ആയി ജോലി നോക്കി വരുന്നു) 18.06.2001 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയചന്ദ്രൻ എ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീമതി ടി. എ രാധാമണി, പാർട്ട് ടൈം സ്വീപ്പർ, താലൂക്ക് ഓഫീസ്, മൂവാറ്റുപുഴ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (19.02.2024 ലെ 129918/EXP-C2/104/2015-FIN നമ്പർ റിമാർക്ക് പ്രകാരം)
നിയമ വകുപ്പ്(25.11.2023 ലെ ST-I(2)/254/2023/Law നമ്പർ റിമാർക്ക് പ്രകാരം )
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/138/2023-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 14-03-2024 10:41:51
സെക്ഷൻ ഓഫീസർ